**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1994.** — **15-07-2016-ൽ മറുപടിയ്ക്ക്**

**അവിദഗ്ധരായ തൊഴിലാളികൾക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കിണറുകൾ, സെപ്റ്റിക് ടാങ്കുകൾ, അഴുക്കുചാലുകൾ തുടങ്ങിയവ വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നവർ അപകടങ്ങളിൽപ്പെടുന്നതും ജീവൻ നഷ്ടപ്പെടുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) അവിദഗ്ധരായ ഈ തൊഴിലാളികൾ ആവശ്യമായ മുൻകരുതൽ സ്വീകരിക്കാതെ ഇത്തരം തൊഴിലുകളിൽ ഏർപ്പെടുന്നതാണ് അപകടങ്ങൾക്ക് ഇടയാക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ട അപകടങ്ങൾ പരിശോധിച്ചപ്പോൾ മുൻകരുതലുകൾ സ്വീകരിക്കാത്തതാണ് ഇത്തരം അപകടങ്ങൾക്ക് കാരണമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. |
| (സി) ഇത്തരം തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് ആവശ്യമായ മുൻകരുതൽ സ്വീകരിക്കുന്നതിന് ബോധവത്ക്കരണം നൽകുന്നതിനും അവർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) തൊഴിലിടങ്ങളിൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സുരക്ഷാമാനദണ്ഡങ്ങളെക്കുറിച്ച് പരിശോധനാവേളയിലും അല്ലാതെയും തൊഴിലാളികൾക്കിടയിലും കരാറുകാർക്കിടയിലും ബോധവത്ക്കരണം നടത്താറുണ്ട്. തൊഴിൽ വകുപ്പിൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്ന സംവിധാനം ഇല്ല. ആയത് തൊഴിലുടമകളും കരാറുകാരും ഉറപ്പുവരുത്തേണ്ടതാണ്. |

Sreedas

**സെക്ഷൻ ഓഫീസർ**